**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 366** — **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യകൃഷി നടത്തുന്നവർക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശീയ മത്സ്യോല്പാദന വർദ്ധനവിന് പ്രോത്സാഹനം നൽകുന്നതിന് പുതുതായി എന്തൊക്കെ പദ്ധതികളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് തദ്ദേശീയ മത്സ്യോല്പാദന വർദ്ധനവിന് പ്രോത്സാഹനം നൽകുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയിൽ ഉൾപ്പെടുത്തി തെൻമല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവോയറുകളിലായി തദ്ദേശീയ മത്സ്യവിഭാഗത്തിൽപ്പെട്ട Endemic carp, Endemic cat fish, കുയിൽ മത്സ്യം, വരാൽ മുതലായവയുടെ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിക്കായി 2021-22 സാമ്പത്തികവർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തദ്ദേശീയ മത്സ്യ ഇനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെൻറ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ തദ്ദേശീയ മത്സ്യ ഇനങ്ങളുടെ കൃഷിയും വിത്തുൽപാദനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2020-21, 2021-22 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പൊതുകുളങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മത്സ്യോല്പാദനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പൊതുകുളങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴവൻ പൊതുകുളങ്ങളിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന |

| | | | |
|---|---|---|---|
| | | | നിലയിൽ കഴിഞ്ഞ സാമ്പത്തികവർഷം 1367.88 ഹെക്ടർ വിസ്തൃതിയിൽ 8165 എണ്ണം പൊതുകുളങ്ങളിൽ 68.39 ലക്ഷം മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചുകഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ കണ്ടെത്തി മത്സ്യകൃഷി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം പുതുതായി 210 ഹെക്ടർ വിസ്തൃതിയിൽ പൊതു കുളങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ശേഷിക്കുന്ന പൊതുകുളങ്ങളിൽ അനുയോജ്യമായിടത്തെല്ലാം 'എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം' എന്ന ക്യാമ്പയിനിങ്ങിന്റെ ഭാഗമായി അടുത്ത സാമ്പത്തിക വർഷം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതായിരിക്കും. കൂടാതെ സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യയിനങ്ങളെ സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെൻറ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാര, നാരൻ, പൂമീൻ തുടങ്ങിയ മത്സ്യ/ ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നു. ആയതനുസരിച്ച് 370 ലക്ഷം മത്സ്യ/ ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ 100 വിവിധ സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതിയാണിത്. ഇതുവഴി 4320 മെട്രിക് ടൺ അധിക ഉല്പാദനം പ്രതീക്ഷിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുൾപ്പെട്ട ഫിഷറീസ് മാനേജ്മെൻറ് കൗൺസിലുകളുടെ മേൽനോട്ടത്തിലാണ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത്. |
| (സി) | സ്വകാര്യ ഭൂമിയിൽ മത്സ്യകൃഷി നടത്തുന്നവർക്ക് പരിശീലനത്തിനും മറ്റ് സഹായങ്ങൾക്കുമായി മത്സ്യഫെഡിനോ ഫിഷറീസ് വകുപ്പിനോ ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | സ്വകാര്യ ഭൂമിയിൽ മത്സ്യകൃഷി നടത്തുന്നവർക്ക് പരിശീലനത്തിനും അവരുടെ പ്രവർത്തന മേഖലയിലെ അറിവുകൾ വർദ്ധിപ്പിക്കുന്നതിനും നൂതന കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതനുസരിച്ച് 2021-22 ജനകീയ മത്സ്യകൃഷി സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം എന്ന ഘടകത്തിൽ 37.20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് 5 |

| | | | |
|---|---|---|---|
| | | | ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഓൺലൈൻ സ്ട്രീമിംഗ് ഫെയ്സ് ബുക്ക് മുഖേന ലഭ്യമാക്കിയിരുന്നു. മത്സ്യകൃഷിയിൽ താൽപര്യമുള്ള സംസ്ഥാനത്തെ ഏതൊരു വ്യക്തിക്കും വീക്ഷിക്കത്തക്ക രീതിയിലാണ് പരിപാടി സംഘടിപ്പിച്ചത്. ആയതിന്റെ അറിയിപ്പ് എല്ലാ അച്ചടി മാധ്യമങ്ങൾ മുഖേനയും നൽകിയിരുന്നു. ടി പരിപാടി നിലവിൽ കുഫോസ്, ജനകീയ മത്സ്യകൃഷി തുടങ്ങിയവയുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്വകാര്യ ഭൂമിയിൽ മത്സ്യകൃഷി നടത്തുന്നവർക്ക് ഓരോ കൃഷി രീതിക്കനുസൃതമായി പുതുതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 40% ധനസഹായം ജനകീയ മത്സ്യകൃഷി-സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷണൽ കോസ്റ്റിന്റെ 20% വും ധനസഹായമായി നൽകുന്നു. |
| (ഡി) | ആദായകരമായി മത്സ്യകൃഷി നടത്തുന്നതിനാവശ്യമായ പരിശീലനവും മറ്റ് സഹായങ്ങളും ലഭ്യമാക്കി കൂടുതൽ ആളുകളെ പ്രസ്തുത മേഖലയിലേക്ക് ആകർഷിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ആദായകരമായി മത്സ്യകൃഷി നടത്തുന്നതിനാവശ്യമായ പരിശീലനവും മറ്റ് സഹായങ്ങളും ലഭ്യമാക്കി കൂടുതൽ ആളുകളെ പ്രസ്തുത മേഖലയിലേക്ക് ആകർഷിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നൂതന മത്സ്യകൃഷി രീതികൾ അവലംബിച്ചും മത്സ്യയിനങ്ങളിലും കൃഷിരീതിയിലും വൈവിധ്യവൽക്കരണം സാധ്യമാക്കിയും കൂടുതൽ ശാസ്ത്രീയ പരിപാലന മുറകൾ അവലംബിച്ചും ഉല്പാദനക്ഷമത ഉയർത്തിയും കൂടുതൽ കർഷകർക്ക് പരിശീലനം നൽകിയും വിവിധ പദ്ധതികൾ സുഭിക്ഷ കേരളം, ജനകീയ മത്സ്യകൃഷി, PMMSY പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. സംരംഭകർക്ക് മറ്റ് കൃഷി രീതികളോടൊപ്പം മത്സ്യകൃഷിയും ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകുന്നതിനായി Central Institute of Fisheries Education (CIFE), Kerala University of Fisheries and Ocean Science (KUFOS) എന്നീ സ്ഥാപനങ്ങളിലെ ഉന്നത വിദഗ്ധർ, ഫിഷറീസ് വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക കൂട്ടായ്മ, മത്സ്യകർഷക അവാർഡ്, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ, ബോധവത്കരണ സെമിനാറുകൾ, ഡോക്യുമെന്ററികൾ, ലഘുലേഖകൾ തുടങ്ങിയവ വഴി ബോധവത്ക്കരണം നടത്തി കൂടുതൽ ആളുകളെ |

| | | | |
|---|---|---|---|
| | | | മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ